SADHWARTHA
Glory to God in the highest... ...and on earth peace

# സദ്വാർത്ത

An official publication of Church of God (Full Gospel) in India, Central West Region

VOL. 40 ISSUE 3 | PUBLISHED FROM MUMBAI | BI-MONTHLY | NOV - DEC 2025

# പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട്...



**പാ. ഈ.പി. സാംകുട്ടി**
**റീജിയണൽ ഓവർസിയർ,**
**മുംബൈ**

പ്രശ്ന കലുഷിതമായ ഒരു വർഷം നമ്മെ വിട്ടു കടന്നു പോകുന്നു. പുതുവർഷം എന്നത് മനുഷ്യ ചരിത്രത്തിലും ദൈവമക്കളുടെ വിശ്വാസ ജീവിതത്തിലും പ്രത്യേക സ്ഥാനമുള്ള ഒരു സമയമാണ്. ലോകം അതിനെ ആഘോഷങ്ങളുടെയും ആഹ്ലാദത്തിന്റെയും ഉല്ലാസത്തിന്റെയും അവസരമായി കാണുമ്പോൾ ദൈവസഭ അതിനെ ദൈവസന്നിധിയിൽ ആത്മ പരിശോധനയ്ക്കും സ്വഭാവരൂപീകരണത്തിനും പുനഃസമർപ്പണത്തിനും ഉള്ള അവസരമായി ഏറ്റെടുക്കുന്നു. മനുഷ്യ ജീവിതയാത്ര ഒരിടത്ത് നിൽക്കുന്നില്ല. അത് ദൈവീക നിയോഗം അനുസരിച്ച് മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്ന ഒരു ജൈത്രയാത്രയാണ്.

കഴിഞ്ഞ ഒരു വർഷം ദൈവസഭയുടെ പ്രത്യേകാൽ സെൻട്രൽ വെസ്റ്റ് റീജിയന്റെ പ്രവർത്തനങ്ങളിൽ ദൈവം നമ്മെ സഹായിച്ചു. അനേക പ്രതിസന്ധികൾ നമുക്ക് അഭിമുഖീകരിക്കേണ്ടി വന്നു. പിന്നിട്ട വഴികൾ വളരെ ദുർഘടമായിരുന്നു. ദൈവദാസന്മാരുടെയും ദൈവമക്കളുടെയും പെട്ടെന്നുള്ള വിയോഗങ്ങൾ, കഠിനമായ രോഗങ്ങൾ, അപകടങ്ങൾ, സുവിശേഷ വിരോധികളാലുള്ള എതിർപ്പുകൾ, അകാരണമായ കേസുകൾ, ജയിൽവാസം എന്നിവ നമ്മെ തളർത്തി കളഞ്ഞില്ല വളർത്തുകയാണ് ചെയ്തത്. പ്രതിസന്ധികളിൽ കൂടെ നിന്ന ദൈവസഭയ്ക്കും പ്രാർത്ഥിക്കുന്ന ദൈവജനത്തിനും ആത്മീകവും ഭൗതികവുമായി കൈത്താങ്ങൽ തരികയും ഇന്നും ദൈവസഭയെ ആഴമായി സ്നേഹിക്കയും ചെയ്യുന്ന ദേശത്തും വിദേശത്തും ഉള്ള ദൈവദാസന്മാർക്കും ദൈവ സഭകൾക്കും ഹൃദയത്തിന്റെ ഭാഷയിലുള്ള നന്ദി അറിയിക്കുന്നു.

പുതുവർഷം എന്നു പറയുന്നത് പിന്നിലേക്കും മുന്നിലേക്കും നോക്കുവാനുള്ള അവസരമാണ്. കഴിഞ്ഞ കാലങ്ങളിലെ ഉയർച്ച താഴ്ചകളെ വിലയിരുത്തുവാനും വരാനിരിക്കുന്ന കാലത്തെ പ്രതീക്ഷകളോടെ വരവേൽക്കുവാനും ഉള്ള സമയമാണ്. ക്രൈസ്തവർക്ക് പുതു സംവത്സരം എന്നത് വെറും ഒരു കലണ്ടർ മാത്രമല്ല, അത് ഹൃദയത്തിന്റെ പുതുക്കലിന്റെ വിളിയാണ്. കഴിഞ്ഞ വർഷത്തിലെ പരാജയങ്ങളും വീഴ്ചകളും ദൈവസന്നിധിയിൽ വെച്ച് അവനിൽ ക്ഷമയും കൃപയും നേടുന്ന സമയമാണ്. പിന്നിലുള്ളവയെ മറന്നു മുൻപിലുള്ളവയെ ലക്ഷ്യമാക്കി ഓടുന്ന യാത്രയാണ്. കഴിഞ്ഞതിൽ കുടുങ്ങിക്കിടക്കാതെ ദൈവം ഒരുക്കിയിരിക്കുന്ന പുതിയ വഴികളിലേക്ക് വിശ്വാസത്തോടെ കടക്കുക ഇതാകട്ടെ പുതുവത്സര ദർശനം. ആദ്യകാലസഭകളിൽ പുതുവർഷ ആരാധനയിൽ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുന്ന ശീലം ഉണ്ടായിരുന്നു. ഇന്നും പുതുവത്സര രാത്രി നടക്കുന്ന ശുശ്രൂഷകൾ നന്ദി അർപ്പണത്തിനും ദൈവകൃപയിൽ ആശ്രയിച്ച് പുതിയ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള അവസരമാകണം. അനുതാപത്തോടു ദൈവസന്നിധിയിൽ നടത്തുന്ന പുതിയ സമർപ്പണം വർഷം മുഴുവനും മുൻപോട്ടു പോകുവാനുള്ള പ്രചോദനവും അതനുസരിച്ചുള്ള ചുവടുവെപ്പുകൾ ഫലപ്രദവും ആയിത്തീരും.

യെശയ്യാ പ്രവാചകൻ പറയുന്നു, ‘‘ഇതാ ഞാൻ പുതിയത് ഒന്നു ചെയ്യുന്നു’’. പുതുവത്സരം നമ്മെ ഓർപ്പിക്കുന്നത് ഇതാണ്. പരാജയങ്ങൾ അവസാനവാക്ക് അല്ല. കർത്താവിന്റെ കരുണകൾ അവസാനിക്കുന്നില്ല. ഓ രോ പ്രഭാതത്തിലും അത് പുതിയതാ ണ്. സത്യസന്ധമായ ഹൃദയമാണ് ദൈവത്തിന് ഇഷ്ടം. ദൈവത്തോട് ഒപ്പം ഉള്ള ഓരോ ദിവസവും പുതിയതാണ്. ദൈവകൃപയും സമാധാനവും നമ്മോടൊപ്പം ഉണ്ടാകും. അതുകൊ ണ്ട് കഴിഞ്ഞവർഷത്തെ ചുമടുകൾ ചുമന്നുകൊണ്ട് അതിന്റെ ഭാരത്തിൽ കുടുങ്ങിക്കിടക്കാതെ ദൈവത്തിന്റെ കൈപിടിച്ച് മുന്നോട്ടു നടക്കാൻ പുതുവത്സരം നമ്മെ ക്ഷണിക്കുന്നു. നമ്മുടെ വഴികൾ കർത്താവിനെ ഭരമേൽപ്പിക്കാം, അവനിൽ ആശ്രയിക്കാം, അവൻ നമ്മെ പുലർത്തും. നമ്മുടെ നാളെ എന്നത് കർത്താവിന്റെ കയ്യിലാണ് എന്ന് നമുക്കറിയാം. നമ്മുടെ പദ്ധതികളെക്കാൾ ദൈവത്തിന്റെ ഇഷ്ടം ഏറ്റവും നല്ലതെന്ന് തിരിച്ചറിഞ്ഞ് മുന്നമേ അവന്റെ രാജ്യവും നീതിയും അന്വേഷിച്ചു കൊണ്ട് കൂടുതൽ ദൈവത്തോട് അടുക്കണമെന്ന ലക്ഷ്യത്തോടെ, നന്ദിയുള്ള ഹൃദയത്തോടെ, പ്രാർത്ഥനയ്ക്കും സ്നേഹം പങ്കിടുന്നതിനും സുവിശേഷത്തിന്റെ സാക്ഷ്യം വഹിക്കുന്നതിനും ഈ പുതുവർഷം നമുക്ക് പ്രേരകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവത്താൽ സംരക്ഷിക്കപ്പെടുന്ന നന്മകൾ നിറഞ്ഞ ഒരു പുതുവർഷം എല്ലാവർക്കും ആശംസിക്കുന്നു. ●

## നിയമിതനായി



**ചർച്ച് ഓഫ് ഗോഡിന്റെ അഖിലേന്ത്യാ ഭരണസമിതി, പാസ്റ്റർ ഷിബു വർഗീസിനെ നാഷണൽ പ്രയർ കോർഡിനേറ്ററായി നിയമിച്ചു**

## ദ്വിദിന ഉണർവ്വ് യോഗവും സംയുക്ത ആരാധനയും നടന്നു

**ചെമ്പൂർ:** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ സെൻട്രൽ മുംബൈ ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ഉണർവ്വ് യോഗം 2025 ഡിസംബർ 1921 വരെ ചർച്ച് ഓഫ് ഗോഡ് വിക്രോളിയിലും, ചെമ്പൂരുമായി നടന്നു. മുളക്കുഴ മൗണ്ട് സയോൻ ബൈബിൾ കോളേജ് പ്രിൻസിപ്പൽ പാസ്റ്റർ നോബിൾ ജേക്കബ് മുഖ്യ ദൈവവചന പ്രഭാഷണം നടത്തി, ഡിസ്ട്രിക്റ്റ് പാസ്റ്റർ ഷിഞ്ചു തോമസ്സ് പ്രാർത്ഥിച്ച് ആരംഭിച്ച മീറ്റിങ്ങുകൾക്ക് പാസ്റ്റർമാരായ ജോപ്പച്ചൻ, സക്കറിയ ഉമ്മൻ, ബിജു തങ്കച്ചൻ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. ചർച്ച് ക്വയർ ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

21 ഞായറാഴ്ച ചെമ്പൂർ ദൈവസഭയിൽ വച്ച് നടന്ന സംയുക്ത ആരാധന പാസ്റ്റർ ക്രിസ്തുദാസ് പ്രാർത്ഥിച്ച് ആരംഭിച്ചു. ഡിസ്ട്രിക്റ്റ് ക്വയർ ആരാധനക്ക് നേതൃത്വം നൽകി. പാസ്റ്റർ ബിജു തങ്കച്ചൻ സങ്കീർത്തനം വായിച്ച്, പാസ്റ്റർ ഷിഞ്ചു തോമസ്സ് പ്രാരംഭ സന്ദേശം നൽകി. തുടർന്ന് ദൈവസഭ സീനിയർ പാസ്റ്റർ പി.റ്റി ജേക്കബ് കർതൃമേശ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാസ്റ്റർ നോബിൾ ജേക്കബ് മുഖ്യ ദൈവവചന പ്രഭാഷണം നടത്തി. പരിശുദ്ധാത്മാവിന്റെ വലിയ ചലനം മൂന്നു ദിനങ്ങളിലും അനുഭവിക്കുവാൻ സാധിച്ചു. ഡിസ്ട്രിക്റ്റ് സെക്രട്ടറി പാസ്റ്റർ ഷിബു മാത്യു ഞായറാഴ്ച ആരാധകൾക്ക് നേതൃത്വം നൽകി. ഡിസ്ട്രിക്റ്റിലെ എല്ലാ സഭകളിൽ നിന്നും ഉത്സാഹത്തോടെ ജനം ആരാധനക്കായി കൂടി വന്നു. ദൈവസഭ ഇവാഞ്ചലിസം ഡയറക്റ്റർ പാസ്റ്റർ എം.വി ഗൗതമിന്റെ പ്രാർത്ഥനയോടും ആശിർവ്വാദത്തോടും കൂടെ സംയുക്ത ആരാധന പര്യവസാനിച്ചു.

## സൗത്ത് ഡൽഹി ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ഉപവാസ പ്രാർത്ഥന നടന്നു

**ഡൽഹി :** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ സൗത്ത് ഡൽഹി ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ഉപവാസ പ്രാർത്ഥന 2025 നവംബർ 7,8 തീയതികളിൽ ഹൗസ് ഖാസ് ചർച്ചിൽ വെച്ച് വളരെ അനുഗ്രഹകരമായി നടത്തപ്പെട്ടു. എന്താണ് ഉപവാസം, നാം എങ്ങനെ ഉപവസിക്കണം, ഉപവാസത്തിന്റെ പ്രാധാന്യം എന്നുള്ള വിഷയത്തെ ആധാരമാക്കി വിവിധ സെക്ഷനുകളിൽ പാ. വി. ഓ. വർഗീസ് മുംബൈ, ദൈവവചനം ശുശ്രൂഷിച്ചു. കടന്നു വന്ന ഏവർക്കും അത് വളരെ അനുഗ്രഹമായിരുന്നു. ഡിസ്ട്രിക്ട് പാസ്റ്റർ പാ. റോബിമോൻ പി ജോഷുവാ പ്രാർത്ഥിച്ചാരംഭിച്ച മീറ്റിംഗിൽ പാ. ബിനോജി വർഗീസ്, പാ. സുജിത് പി. ജോസഫ്, പാ. ജെയിംസ് ചാണ്ടി, പാ. സനു റ്റി. മാത്യു എന്നിവർ വിവിധ സെക്ഷനുകളിൽ അധ്യക്ഷത വഹിക്കുകയും, പാ. ജേക്കബ് ചെറിയാൻ, പാ. ഷാജി ചിറയിൽ എന്നിവർ ദൈവവചനം ഹിന്ദി ഭാഷയിലേക്ക് തർജിമ ചെയ്യുകയും ചെയ്തു. ഡൽഹി സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ പാ. മാത്യു റ്റി. ശമുവേലും ഈ മീറ്റിംഗിൽ പങ്കെടുത്തു. ഡി. സെക്രട്ടറി ബ്ര. സുനിൽ ആർ. തോമസ് നന്ദി പ്രകാശിപ്പിച്ചു. പാ. സുജിത് പി. ജോസഫിൻെറ പ്രാർത്ഥനയോടും പാ. ജെയിംസ് ചാണ്ടിയുടെ ആശിർവാദത്തോടും ദ്വിദിന ഉപവാസപ്രാർത്ഥന പര്യവസാനിച്ചു. ●

## ചർച്ച് ഓഫ് ഗോഡ് ചർച്ചുകളുടെ ആഭിമുഖ്യത്തിൽ ഗോവയിൽ ഉണർവ്വ് യോഗങ്ങൾ




**ഗോവ :** ചർച്ച് ഓഫ് ഗോഡ് ചർച്ചുകളുടെ ആഭിമുഖ്യത്തിൽ ഉണർവ്വ് യോഗങ്ങൾ വാസ്കോ, മർഗാവ് എന്നീ ഇടങ്ങളിൽ വച്ച് ഡിസംബർ 18, 19 തീയതികളിൽ വളരെ അനുഗ്രഹകരമായി നടത്തപ്പെട്ടു. പാസ്റ്റർ റെജി മാത്യു ഇരുദിവസങ്ങളിലും യഥാർത്ഥ ഉണർവ്വും, അതിന്റെ ആവശ്യകതയും എന്ന വിഷയത്തെ ആസ്പദമാക്കി ദൈവവചനം ശുശ്രൂഷിച്ചു.

ചർച്ച് ഓഫ് ഗോഡ്, ഗോവ ക്വയർ സംഗീത ശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർ മനു കെ ചാക്കോ, പാസ്റ്റർ ജോളി നൈനാൻ, പാസ്റ്റർ ലിജു ജോർജ്, പാസ്റ്റർ ഗബ്രിയേൽ ആന്റണി, പാസ്റ്റർ ഐസക്ക് മസ്സി എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

SADHWARTHA

**Editorial Board**

**Patron**
Pastor E.P. Samkutty

**Publication Director**
Pastor Biju Thankachan

**Chief Editor**
Pastor Manu K. Chacko

**Associate Editors**
Pastor Nainan M. Abraham
Pastor Shibu Baby

**Contributing Editors**
Br. Roy Mepral Philedelphia,
Rev. Jose Mallassery, UAE
Pastor Joppachan, Mumbai
Pastor Sanjay Allwyn, Kanpur
Dr. Paul Raj, Mumbai
Pastor Mahavir Prasad, Mumbai
Pastor Johnson Thomas

**Co-ordinators**
Pr. Sujith P. Joseph, Delhi
Pr. Prakash Sonare
Pr. Alexander Koshy, Delhi
Pr. Jose K. Mathew, M.P
Pr. Shinu Abraham, Nagpur
Pr. Shiju K. Daniel, Punjab
Pr. Ajimon K. Eapen, Mumbai
Pr. Jayakumar, Hyderabad
Pr. Blesson P. Daniel, Gujarat
Pr. John K. George, Mumbai
Pr. Reji Punnoose, Hyderabad
Bro. K.K. Koshy, Pune
Bro. James Philip, Mumbai.
Bro. Shaji P. John, Delhi
Bro.Jayan K. Thomas, Navi Mumbai
Bro. Aniyan K.Mathai, Bhayander
Bro.D.G Martin, Mumbai
Bro. P.C.Varghese, Pune
Bro. Sabu George, Dombivili
Bro. Bovas P. Varghese, Nagpur
Bro. Sonu Johnson ,Gujarat

വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, കഥകൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**Chief Editor**
Sadhwartha Publications
P.O. Box No. 7213, Chembur,
Mumbai 400071. Tel:25251834
Mob.: 8208907893
7738452125
email :sadhwartha@gmail.com

## Editorial

# How beautiful are the feet



**Pastor Manu K. Chacko**
Chief Editor

"How beautiful are the feet of those who preach the gospel of peace, who bring good news!" (Romans 10:15)

The Church of Jesus Christ was never meant to stay inside four walls. From the beginning, the Church was called to go, preach, and reach people. At the center of this calling is a ministry that the Church today often ignores or misunderstands the evangelist.

The Fivefold Ministry Is God's Gift, In Ephesians 4:11–12, the Bible says that Jesus Himself gave five ministries to the Church: "He gave some to be apostles, prophets, evangelists, pastors and teachers, to equip God's people for works of service."

These ministries are not human ideas. They are gifts from Christ to help the Church grow strong, mature, and effective. Each one has a different role, but all are equally important. Today, in many churches, we easily recognize apostles, prophets, pastors, and teachers.

But evangelists are often missing, not because God has stopped calling them, but because the Church has stopped recognizing them. A Wrong Idea About Evangelists One serious mistake in the Church today is the belief that evangelists are a lower-level ministry. Some think evangelists are "not yet mature" and that when they grow, they must become pastors.

This idea is completely wrong and not biblical. Evangelists are not pastors-in-training. They are not incomplete ministers. They are not less important. They are fully called by God.

The Bible speaks about Philip the Evangelist (Acts 21:8). He did not later become a pastor.

God used him powerfully to preach the gospel, bring joy to cities, and lead many people to Christ. Evangelists have a special gift to reach the lost, people who may never come to church.

The Early Church Grew Because of Evangelists. The early Church grew quickly because evangelists were active everywhere. They preached in homes, streets, and public places.

They shared the gospel boldly, and God added people to the Church daily.

When evangelists are released, the Church grows naturally. When evangelists are ignored, the Church becomes inward focused and slow.

Today, we pray for revival, but revival always begins with evangelism. Harvesting Not Weeding. Jesus clearly taught us what our focus should be. In the parable of the wheat and the weeds, He said: "Let both grow together until the harvest." (Matthew 13:24–30)

Jesus knew there would always be weeds, false teachings, wrong attitudes, and imperfect people in the Church. But He never asked us to remove them. In the parable, the angels remove the weeds at the end. We are not called to fight, attack, expose, or constantly criticize others. When we ask, "Has God called us to remove everyone who is not perfect?" the answer is no.

What Jesus Asked Us to Do? Jesus was very clear about our real assignment: "The harvest is plentiful, but the workers are few. Ask the Lord of the harvest to send out workers." (Matthew 9:37–38; Luke 10:2) Our job is harvesting, not weeding.

But many times, we spend more energy on criticizing ministries, arguing online, and attacking people than on sharing the gospel. This wastes our strength and pulls us away from our mission. Weeding is God's work. Harvesting is our work. From the beginning, Satan's plan has been to distract the Church. When we focus on what Jesus never asked us to do, we lose our power and purpose.

The call to the Church today is clear: the harvest is ready and the world needs the gospel, for the lack is not opportunity but workers especially evangelists. It is time for the Church to return to Christ's mission by honouring evangelists, valuing them, supporting them, praying for their calling, and restoring evangelism to its rightful place, so that we become harvesters and gospel carriers rather than critics. When the Church honours the evangelist, the good news will once again reach the lost as Jesus intended.

"How beautiful are the feet of those who preach the gospel".

# दाख की बारी की ताज़ा खबरें

## अक्टूबर – दिसंबर २०२५

कटनी तो बहुत है, पर मजदूर थोड़े हैं (मत्ती ९:३७)



**Pastor Mahavir Prasad Gautam**
Evangelism Director
COG-CWR

मसीह में प्रियों,

अति शीघ्र आने वाले मसीह यीशु में अभिवादन!

परमेश्वर की अद्भुत कृपा और सामर्थ से दाख की बारी में सेवकाई निरंतर आगे बढ़ रही है। विभिन्न जिलों, शहरों और कलीसियाओं में आयोजित आत्मिक कार्यक्रमों के द्वारा प्रभु का नाम महिमान्वित हो रहा है। नीचे हाल ही में सम्पन्न सेवकाई कार्यक्रमों की ताज़ा झलकियाँ प्रस्तुत हैं-

**९ अक्टूबर २०२५ –** डिस्ट्रिक्ट मीटिंग (जबलपुर - सागर में आयोजित) - सेवकों और अगुवों के साथ आत्मिक सहभागिता, प्रार्थना और सेवकाई की दिशा पर महत्वपूर्ण चर्चा।

**११ अक्टूबर २०२५ –** पास्टर परिवार सेमिनार (बांदा) - पास्टर परिवारों के लिए आत्मिक प्रोत्साहन, पारिवारिक जीवन और सेवकाई में संतुलन पर विशेष सत्र।

**१३ अक्टूबर २०२५ –** डिस्ट्रिक्ट मीटिंग (वाराणसी) - कलीसियाओं की मजबूती, नेतृत्व विकास और भविष्य की योजनाओं पर विचार-विमर्श।

**१४ अक्टूबर २०२५ –** डिस्ट्रिक्ट मीटिंग (चंदौली) - आत्मिक एकता, सेवकाई समीक्षा और प्रार्थना के साथ सशक्त समय।

**१७ अक्टूबर २०२५ –** डिस्ट्रिक्ट मीटिंग (कानपुर) - आत्मिक जागृति और सुसमाचार विस्तार के लिए सेवकों को प्रोत्साहन।

**अक्तूबर – दिसम्बर २०२५ –** फल और विस्तार - प्रभु यीशु मसीह में ३७ आत्माओं ने नया जीवन पाया - परमेश्वर की महिमा हो!

**११ नवम्बर २०२५ –** पास्टर परिवार सेमिनार (नागपुर) - पास्टर परिवारों के लिए शिक्षाप्रद सत्र, परामर्श और आत्मिक सुदृढ़ता का समय।

**९–१२ दिसम्बर २०२५ –** उपवास प्रार्थना (चंदन नगर, पुणे) - आत्मिक जागृति, प्रार्थना और पवित्र आत्मा की अगुवाई का विशेष समय।

**१९ दिसम्बर २०२५ –** कलीसिया उद्घाटन (सावनेर) - नई कलीसिया भवन का उद्घाटन एवं समर्पण - परमेश्वर के राज्य का विस्तार।

**प्रार्थना निवेदन**

- सभी सेवकों और पास्टर परिवारों के लिए
- नई आत्माओं की आत्मिक वृद्धि के लिए
- आत्मिक जागृति और अंतिम कटनी के लिए
- प्रत्येक कार्यक्रम में पवित्र आत्मा की सामर्थ और अगुवाई के लिए

काटने वाला मजदूरी पाता, और अनन्त जीवन के लिये फल बटोरता है; ताकि बोने वाला और काटने वाला दोनों मिलकर आनन्द करें (यूहन्ना ४:३६)

# നന്മ നിറഞ്ഞ ബർന്നബാസ്



**പാസ്റ്റർ ബിജു തങ്കച്ചൻ, മുംബൈ**
ഡയറക്ടർ, പബ്ലിക്കേഷൻ ഡിപാർട്ട്മെന്റ്

ഉന്നതമായ ദർശനവും ആത്മീയ കാഴ്ചപ്പാടും ഉണ്ടായിരുന്ന ക്രിസ്തുശിഷ്യൻ ആയിരുന്നു ബർന്നബാസ്. വിവിധ വിശിഷ്ട ഗുണങ്ങളാൽ സമ്പന്നമായിരുന്ന തന്റെ ജീവിതത്തിലേക്കും നിലപാടുകളിലേക്കും ഉള്ള എത്തിനോട്ടമാണ് ഈ ലേഖനം. മാതൃകയാക്കാൻ കൊള്ളാകുന്ന അഞ്ച് വിശിഷ്ട ഗുണങ്ങൾ ഇവിടെ വിശകലനം ചെയ്യുകയാണ്.

**1. പ്രോത്സാഹനം നൽകുന്നവൻ (അ.പ്ര. 4:36)**

ബർന്നബാസ് എന്ന പേരിന്റെ അർത്ഥം തന്നെ പ്രബോധനപുത്രൻ (Son of Encouragement) എന്നാണ്. വീഴുന്നവരെ താങ്ങുവാനും മടുത്തുപോയവരെ ഉത്സാഹിപ്പിക്കാനും നിരാശിതരെ ധൈര്യപ്പെടുത്തുവാനും എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്ന ശിഷ്യനായിരുന്നു ബർന്നബാസ്.

ശരിയായ സമയത്ത് പറയുന്ന ശരിയായ വാക്ക് വളരെ ശക്തിയുള്ളതാണ്. സമയോചിതമായി ജ്ഞാനത്തോടെ പറയുന്ന വാക്കുകൾ മനോഹരവും മൂല്യമുള്ളതും കേൾക്കുന്നവരെ ആശ്വസിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നതാണ്. തക്കസമയത്ത് പറഞ്ഞ വാക്ക് (A word fitly spoken) വെള്ളിത്താലത്തിൽ പൊൻനാരങ്ങാ പോലെ (സദൃ. 25:11).

ആരാധിക്കാനും പ്രാർത്ഥിക്കാനും ദൈവവചനം വായിക്കുവാനും ആത്മീയ കൂട്ടായ്മയകളിൽ പങ്കെടുക്കുവാനും നിരന്തരം പ്രോത്സാഹിപ്പിച്ചിരുന്ന നന്മ നിറഞ്ഞ മാതാപിതാക്കന്മാർ ദൈവസഭകൾക്ക് ഒരു അനുഗ്രഹമായിരുന്നു.

**2. ഉദാര മനസ്കൻ (അ.പ്ര. 4:37)**

തനിക്കുള്ള സമ്പത്തെല്ലാം വിറ്റ് ദൈവവേലക്ക് നൽകിയ ഉദാരമനസ്കൻ ആയിരുന്നു ബർന്നബാസ്. താൻ ക്രിസ്തുവിനെ അനുഗമിച്ചത് ധനസമ്പാദനത്തിനോ ധന സംരക്ഷണത്തിനോ വേണ്ടിയായിരുന്നില്ല. തനിക്കുള്ള സമ്പത്ത് കൂടി വിറ്റ് അപ്പോസ്തലന്മാരുടെ കാൽക്കൽ വയ്ക്കാൻ കഴിയുന്ന ഹൃദയ വിശാലത തനിക്കുണ്ടായിരുന്നു.

ദൈവം തന്ന നന്മകൾ ദൈവരാജ്യത്തിന്റെ വിശാലതയ്ക്കായി വിനിമയം ചെയ്ത വിശ്വസ്ത വിശ്വാസികൾ ദൈവസഭയ്ക്ക് വിലപ്പെട്ടവരാണ്. അവരുടെ ത്യാഗപൂർണ്ണവും മനപൂർവ്വവുമായ ദാനങ്ങൾ ദൈവസഭയുടെ വളർച്ചക്ക് വളരെ സഹായിച്ചിട്ടുണ്ട്.

**3. ഒന്നിപ്പിക്കുന്നവൻ (അ.പ്ര. 9:26-27)**

സ്വന്തനേട്ടത്തിന് വേണ്ടി ഭിന്നിപ്പിക്കാൻ ശ്രമിച്ചവനല്ല. മറിച്ച് ഒന്നിപ്പിക്കാൻ ശ്രമിച്ചവനായിരുന്നു ശിഷ്യനായ ബർന്നബാസ്. പൗലോസ് മാനസാന്തരപ്പെട്ടു എന്ന് ആദിമ സഭയിലെ ആത്മീയ നേതൃത്വം കേട്ടറിഞ്ഞു എങ്കിലും വിശ്വസിക്കാൻ അവർക്കു കഴിഞ്ഞില്ല. പൗലോസിന്റെ മാനസാന്തരത്തെ സംശയത്തോട് കൂടെയാണ് അവർ കണ്ടത്. ഇത് സഭാ പ്രവർത്തനങ്ങളെ കൂടുതൽ മനസ്സിലാക്കി പീഢിപ്പിക്കാനുള്ള പൗലോസിന്റെ ഒരു തന്ത്രമാണോ എന്നുപോലും അവർ സംശയിച്ചു.

എല്ലാവരും ഭയത്തോടും സംശയത്തോടും കൂടെ പൗലോസിനെ കണ്ടപ്പോൾ തന്നെ വിശ്വസിക്കാനും മറ്റുള്ളവർക്ക് പരിചയപ്പെടുത്തി കൊടുക്കാനും പൗലോസിനു വേണ്ടി നിലകൊള്ളാനും ബർന്നബാസ് എന്ന നന്മ നിറഞ്ഞ മനുഷ്യൻ തയ്യാറായി. ഒരു പാലം പണിക്കാരനെപ്പോലെ താൻ ധൈര്യത്തോടെ പ്രവർത്തിച്ചു.

**4. പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവൻ (അ.പ്ര. 11:24)**

ബർന്നബാസ് ഒരു നല്ല മനുഷ്യനായിരുന്നു. മാത്രമല്ല പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവനും ആയിരുന്നു. ഒരുവനിൽ വിശ്വാസത്തിന്റെയും പരിശുദ്ധാത്മാവിന്റെയും നിറവ് ഉണ്ടെങ്കിൽ അവൻ അസാധാരണ ദൈവപ്രവൃത്തിക്ക് മുഖാന്തിരമാകും. ഭൂമിയുടെ അറ്റത്തോളം സാക്ഷികളാകാൻ നിയോഗം ലഭിച്ച ശിഷ്യന്മാർക്ക് അതിനുള്ള കരുത്ത് നൽകിയത് പരിശുദ്ധാത്മാവിന്റെ നിറവും അതിലൂടെ പകരപ്പെട്ട ശക്തിയുമാണ്.


**5. അപരന്റെ ആത്മീയ വളർച്ചയിൽ ആനന്ദിക്കാനുള്ള മനസ് (അ.പ്ര. 11:23)**

മറ്റുള്ളവരുടെ വളർച്ച ബർന്നബാസിനെ ഒരു തരത്തിലും അസ്വസ്ഥനാക്കിയില്ല. എല്ലാവരെക്കാളും മുകളിലാണ് ഞാൻ എന്ന് ചിന്തിക്കാതെ മറ്റുള്ളവരുടെ ഉയർച്ചയും നേതൃത്വവും അംഗീകരിക്കാൻ താൻ തയ്യാറായിരുന്നു. മിഷനറി യാത്രയുടെ ആരംഭത്തിൽ 'ബർന്നബാസും ശൗലും' എന്നാണ് അറിയപ്പെട്ടത്. പ്രഥമ വ്യക്തി ബർന്നബാസായിരുന്നു. എന്നാൽ പിന്നീട് 'പൗലോസും ബർന്നബാസും' എന്ന് അറിയപ്പെട്ടപ്പോൾ ബർന്നബാസ് പ്രകോപിതനായില്ല (അ.പ്ര. 13:13,46) തന്നെക്കാളധികം പൗലോസിനെ ദൈവം ഉപയോഗിക്കുന്നു എന്ന് താൻ മനസിലാക്കിയപ്പോൾ മക്കളുടെ വളർച്ചയിൽ സന്തോഷിക്കുന്ന പിതാവിനെപ്പോലെ അതിൽ സന്തോഷിക്കാൻ ബർന്നബാസ് എന്ന ദൈവദൂതന് കഴിഞ്ഞു.

അന്ത്യോക്യയിൽ ശക്തമായ ദൈവപ്രവൃത്തി നടക്കുന്നു എന്നറിഞ്ഞ യെരുശലേം സഭ ബർന്നബാസിനെ അവിടേക്ക് പറഞ്ഞയച്ചു. ബർന്നബാസ് അവിടെ ചെന്ന് ദൈവകൃപ കണ്ട് സന്തോഷിച്ചു. നമ്മിൽ വ്യാപരിക്കുന്ന ദൈവകൃപക്കായ് ദൈവത്തിന് നന്ദി പറയുമ്പോൾ തന്നെ മറ്റുള്ളവരിൽ വ്യാപരിക്കുന്ന ദൈവകൃപ കണ്ട് സന്തോഷിക്കുവാൻ കഴിയുന്ന ബർന്നബാസ്മാർ ദൈവസഭകളിൽ ആവശ്യമായിരിക്കുന്നു.

നന്മ നിറഞ്ഞ ബർന്നബാസിനെ പോലെയുള്ള അനേകർ ദൈവസഭയിൽ ഉയർന്നുവരട്ടെ എന്ന് ആഗ്രഹിക്കാം പ്രാർത്ഥിക്കാം. ●

# GOOD TIDINGS OF GREAT JOY



**Rev. Joe Kurian**
Director, Church of God UK
Cross Cultural Ministries

We have come to a special season in the year, and it is celebrated with great joy and thankfulness by all. It is called CHRISTMAS. People from all backgrounds, both religious and non-religious alike, join in the celebration. Whether many know the reason for the season is another matter. But the festive season of Christmas is meant to be a reminder and reflection on the advent of Jesus as a human (incarnation- God in flesh) in Bethlehem of Judea, around 2000 years ago.

At the birth of Jesus, the angelic announcement to a group of shepherds in the fields was thus: " Do not be afraid, for behold I bring you good tidings of great joy which will be to all people; For there is born to you this day in the city of David a Saviour who is Christ the Lord" (Luke 2:10,11).

Why was it the news of Great Joy?

**1. It Was the News for All People.** "I bring you good tidings of great joy which will be to all people", said the angel to the shepherds. Religions and sects have claimed the birth and rise of heroes and prominent persons in history. Often prophets and religious figures have appeared to raise the standard of their local or provincial communities. They are never declared as the good news for global or universal population. But the birth of Christ is announced by the angel from heaven as a great news that is to all people, regardless of their ethnicity, colour, nationality or other distinctions made by man.

**2. It Was the News of Salvation.** A Saviour is born. Salvation is the greatest need of man who is lost. Since man's rebellion and disobedience in the Garden of Eden, man lost the connection with the Creator. Mankind was lost to safety, security and eternal life with God as it was originally intended. Rescue, redemption and restoration of man was the greatest need for man who was facing an eternity with out God. But the birth of Jesus Christ brought the news that salvation is accomplished since Christ has landed on earth. The Saviour has come to save and rescue all who call upon His name. The connection is restored between God and man. It is indeed the greatest news man can receive from God in heaven. (Acts 4:12; John 3:16)

**3. It Was the News of the Incarnation (John 1:14; 1 Timothy 3:16).** "God was manifested in the flesh", writes the Apostle Paul. John the beloved disciple of Jesus wrote, "The Word became flesh and dwelt among us...". Religion is the search of man for finding God and seeking rest, peace and destiny. But the arrival of Christ as the image of God and the exact representation of His Person (Hebrews 1:3) is the picture of God coming into the culture and condition of man with the intention of seeking and saving the lost (Luke 19:10). Christ as the Babe in Bethlehem's manger was the news of great joy, as the Creator came to the cradle. Now God is not distant from anyone. He came in search of man, thus emptying Himself of the glory and majesty He possessed as God. Good news of Great Joy!

**4. It Was the News of Love (John 3:16)** This season is remembered above all, the greatest giving ever by God to mankind. The motive behind the giving of His Son Jesus Christ is to demonstrate His unconditional and eternal love. John wrote, "For God so loved the world that He gave His only begotten Son." Later Paul the Apostle wrote to the Christians in Rome, "But God demonstrates His love towards us, in that while we were still sinners, Christ died for us." (Romans 5:8). Anybody could give anything to anyone at any time. But God's sacrificial gift in Jesus is out of love without and strings attached. Love came to us in the Person of Jesus and there is reason for great joy.

**5. It Was the News of Light. (Matthew 4:15,16;** John 8:12). The arrival of Christ as the promised Messiah has brought new and fresh light to all people. It was a season when the darkness give way to the Light of the world. The nation of Israel and the Jews and the whole world was experiencing a spirit of darkness. Political invasion, racial segregation, religious elitism, chaotic and corrupted systems that kept multitudes in slavery and darkness. But Christmas brings hope for all as Jesus came as the Light of the world. We have a reason to celebrate with great joy. Jesus brought life and light to us.

Rejoice, the Saviour has come. God bless you all. ●

# അവൻ ആർക്കും കടക്കാരനല്ല



പാരിൽ പരദേശി

ഇക്കഴിഞ്ഞ ചില വർഷങ്ങളായി മലയാളി ക്രൈസ്തവ സമൂഹത്തെ ഏറെ പുളകിതരാക്കിയ ഒരു വാചകമാണ് നമ്മുടെ ശീർഷകം. അകമ്പടിയായി പാട്ടുകളും ഉണ്ട്. എന്നാൽ സത്യമെന്ത്? ഈ വാചകത്തിന്റെ അർത്ഥം എന്ത് ?

ആശയത്തെ ആശയം കൊണ്ടും തത്വത്തെ തത്വം കൊണ്ടും ഖണ്ഡിക്കാം, എന്നാൽ അനുഭവത്തെ ഖണ്ഡിപ്പാൻ കഴിയില്ല എന്ന പ്രസ്താവന സാധാരണമാണ്. ഇവിടെ നാം സകലത്തിനും അതീതവും അടിസ്ഥാനവുമായി തിരുവചനപ്രകാരം നാം കാര്യങ്ങളെ അവലോകനം ചെയ്യുകയാണിവിടെ. ബ്രദർ ആർ. സ്റ്റാൻലി പറയുംപോലെ വിമർശനമല്ല, കേവല അവലോകനം മാത്രം!

എന്താണ് നമ്മുടെ സഭയിൽ പ്രചുരപ്രചാരം നേടിയതെന്ന് തുടക്കത്തിൽ നോക്കാം; അവൻ (ദൈവം) ആർക്കും കടക്കാരൻ അല്ല! നൂറുശതമാനം സത്യമായ, തഥ്യയായ പ്രസ്താവന തന്നെ! പക്ഷേ, അതിന്റെ വിശദീകരണത്തിലും വ്യാഖ്യാനത്തിലും അൽപമല്ലാത്ത പിശകുണ്ട്.

'നാം ദൈവത്തിന് എന്തു കൊടുത്താലും ചെയ്താലും ദൈവം പലിശ കൂട്ടി തിരികെത്തരും. ആർക്കും കടം ഇട്ടേക്കില്ല' എന്നത്രേ നമുക്കിടയിലെ വിവക്ഷ. അതായത് നാം ദൈവത്തിനായി വല്ലതും ചെലവിട്ടാൽ നമുക്ക് നഷ്ടം വരില്ല, കളിപ്പിക്കപ്പെടില്ല...

''വയ് രാജാ വയ്, ഒന്നു വച്ചാൽ പത്ത്, പത്തു വച്ചാൽ നൂറ്''എന്ന കറക്കിക്കുത്തു കാരന്റെയും 'മണി ചെയിൻ' കാരുടെയും കച്ചവട തന്ത്രം, വാചാലത....''

''പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു; പുരോഹിതന്മാർ സ്വേച്ഛാധികാരം നടത്തുന്നു എന്റെ ജനത്തിനോ അത് ഇഷ്ടമാകുന്നു....'' എന്ന് യിരെമ്യാവ് 5:31 ൽ യഹോവ അരുളിച്ചെയ്തതുപോലെ തന്നെ. വൈകാരിക അമിതാവേശത്തിൽ ഉപരിപ്ലവമായ ഉണർവ്വും ആത്മാവേശവും ഉണ്ടാക്കാം എന്നല്ലാതെ ഈ വിവക്ഷകൾ കൊണ്ട് ദൈവത്തിനോ മനുഷ്യർക്കോ പ്രയോജനം ഒന്നുമില്ല.

സംശയം ലേശം വേണ്ട; കർത്താവിന്റെ സ്വഭാവത്തിലും വാഗ്ദത്തങ്ങളിലും പൂർണ്ണ ആശ്രയം വയ്ക്കാം. എബ്രായർ 6:10, 10:32-35, മത്തായി 5:5, 12, 19:29, 10:42, ലൂക്കോസ് 6:23 തുടങ്ങിയുള്ള വാക്യങ്ങളേയും ക്രിസ്തുവിന്റെ വാഗ്ദത്തങ്ങളേയും വിസ്മരിക്കുന്നില്ല. മറക്കരുത് : വേദപുസ്തകത്തിലെ ദൈവം ''അനീതിയുള്ളവനല്ല'', ''മറവിയുള്ളവനല്ല'', ക്രൂരനല്ല (കരുണാമയനാണ്), അവിശ്വസ്തതനല്ല, തന്റെ സ്വഭാവം ത്യജിപ്പാൻ കഴിയാത്തവനാണ് (2 തിമോ. 2:13), പിശുക്കനല്ല (ഔദാര്യമായി/ ധാരാളമായി നൽകുന്നവനാണ് - 1 തിമോ. 6:17-18). ആകയാൽ തന്നെ ദൈവം എല്ലാം ധാരാളമായി നൽകുന്നു. പക്ഷേ, ഈ ദാനങ്ങൾ കേവലം ദൈവജനത്തിന് മാത്രമല്ല, ദൈവം ഇവ്വിധം ദൈവമായിരിക്കയാൽ സകലസൃഷ്ടികളോടും അവിടുത്തേക്ക് കരുണ തോന്നുന്നു (സങ്കീ. 145:9). എല്ലാവർക്കും, എല്ലാവയ്ക്കും വേണ്ടതെല്ലാം നൽകുന്നു (ലൂക്കോ. 6:35); ദൈവം ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും സൂര്യനെ ഉദിപ്പിക്കുന്നു. നീതിമാന്മാരുടെ മേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുന്നു (മത്താ. 5:45). ഇതൊന്നും ദൈവം കടം വീട്ടുന്നതല്ല; സൃഷ്ടാവിന്റെ പരമമായ ഹിതത്തിലും പ്രകൃതത്തിലും പ്രസാദത്തിലും കരുണയോടെ ചെയ്യുന്നതാണ്. ബ്ലേഡുകാരുടെ ബാങ്കുകളും ചെയ്യുംപോലെ നമ്മുടെ കയ്യിൽ നിന്ന് കടം വാങ്ങിയിട്ട്, നമ്മുടെ മുതലുകൊണ്ട് കൊള്ളലാഭം നേടുകയും അതിന്റെ ഒരു അംശം നമുക്ക് തരികയുമല്ല ദൈവം ചെയ്യുന്നത്. അങ്ങനെ ഈ ഏകസത്യ ദൈവത്തെ വിലകുറച്ചു കാണരുത്.

ദൈവമക്കളായ നമ്മുടെ നന്മകൾ ഉയർച്ചകൾ മക്കളുടെ ഉന്നതവിദ്യഭ്യാസം, ഉയർന്ന ജോലി, മുന്തിയ ശമ്പളം, വിദേശയാത്രകൾ, 'മഞ്ഞു പൊഴിയുന്ന നാട്ടിലേ

>> 5

## മക്കളുടെ ആത്മീക വളർച്ചയിൽ
# മാതാപിതാക്കൾക്കുള്ള പങ്ക്



സിസ്റ്റർ സാലി ജേക്കബ്
മുംബൈ

കുഞ്ഞുങ്ങളുടെ ആത്മീക വളർച്ചയിൽ മാതാപിതാക്കൾക്കുള്ള പങ്കിനെക്കുറിച്ച് വേദപുസ്തകം വളരെ വ്യക്തമായും ശക്തമായും പഠിപ്പിക്കുന്നുണ്ട്. മക്കളെക്കുറിച്ചുള്ള തങ്ങളുടെ ഉത്തരവാദിത്വങ്ങളെ ഗൗരവമായി പരിഗണിച്ചവരെയും ദയനീയമായി അവഗണിച്ചവരെയും തിരുവെഴുത്തുകളിൽ കാണുവാൻ കഴിയുന്നു. ഇതെഴുതിയിരിക്കുന്നത് ''നമുക്കു ഉപദേശത്തിനായിട്ടാണ്'' (1 കൊരി. 10:11).

ലോകം കണ്ട ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ ഇങ്ങനെ പറയുന്നു ''ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക; അവൻ വൃദ്ധനായാലും അതു വിട്ടുമാറുകയില്ല'' (സദൃശ. 22:6). ഒരു ശിശു പിറന്നു വീഴുമ്പോൾ തന്നെ വില നിർണ്ണയിക്കുവാൻ കഴിയാത്ത ഒരു ജീവിതത്തിനു തുടക്കം കുറിക്കയാണ്. ''സർവ്വലോകത്തെക്കാളും വിലയുള്ള ഒരാത്മാവ് (മർക്കോ. 8:36). എന്നാൽ ഇത് എത്ര മാതാപിതാക്കന്മാർ മനസ്സിലാക്കുന്നു. യെഹൂദന്മാരുടെ ഇടയിൽ ഒരു കുഞ്ഞു ജനിച്ചാൽ മൂന്നു വയസു മുതൽ അവന് 'ഷെമ' യും ആറു വയസു മുതൽ 'തോറാ' യും മാതാപിതാക്കൾ പഠിപ്പിക്കും (ആവ. 6:4-8).

മക്കളുടെ ആദ്യവിദ്യാലയം സ്വന്തഭവനവും ആദ്യ ഗുരുനാഥന്മാർ മാതാപിതാക്കന്മാരുമാണ്. ഒരു കുഞ്ഞിന്റെ സ്വഭാവരൂപീകരണത്തിന്റെ അടിത്തറ പാകുന്നത് ആദ്യത്തെ അഞ്ച് വർഷങ്ങളിലാണ്. ഈ കാലഘട്ടത്തിൽ അവനോടേറ്റവും അടുത്തു പെരുമാറുന്ന വ്യക്തി മാതാവാണല്ലോ? അതുകൊണ്ടു തന്നെ അവന്റെ സ്വഭാവരൂപീകരണത്തിൽ അമ്മമാർക്കുള്ള സ്വാധീനം വളരെ വലുതാണ്. കുഞ്ഞുങ്ങളുടെ ആത്മീകവും മാനസികവുമായ വളർച്ചയിൽ അമ്മ നിരന്തരം ശ്രദ്ധിക്കണം.

എന്നാൽ കുഞ്ഞുങ്ങൾ നമ്മെ എപ്പോഴും ശ്രദ്ധിച്ചുനോക്കും. മറ്റുള്ളവരെക്കുറിച്ചു ഏഷണി പറയുകയും, ദുർവർത്തമാനം പരത്തുകയും ചെയ്യുവന്നവരോടു കൂടി നമ്മുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുകയും ചെയ്ത് ആത്മീക കാര്യങ്ങൾക്ക് യാതൊരു മുൻതൂക്കവും കൊടുക്കാതെ ജീവിക്കുന്നവർക്ക് നിങ്ങളുടെ മക്കൾ സൽസ്വഭാവികളായി വളരണം എന്നുപദേശിക്കുവാൻ അർഹതയുണ്ടോ? ദുർന്നടപ്പുകാരിയായ മാതാവിനു തന്റെ മകളുടെ അപഥ സഞ്ചാരത്തെക്കുറിച്ച് ശാസിക്കുവാൻ കഴിയുമോ? അതുകൊണ്ട് മാതാപിതാക്കളായ നമ്മുടെ ജീവിതത്തിൽ ദൈവവചന പ്രകാരം ജീവിച്ച് മക്കൾക്കു മാതൃക കാട്ടുന്നവരായി നമുക്കു തീരാം.

ആദ്യമായി നാം മക്കളെ ഓർത്തു പ്രാർത്ഥിക്കുക. പ്രാർത്ഥനയിൽ കൂടി മക്കളെ ദൈവകരങ്ങളിലേൽപിച്ച് അവരെ സഭക്കും, സമൂഹത്തിനും, ദേശത്തിനും അനുഗ്രഹകരമാക്കി തീർത്ത അനേക മാതാപിതാക്കൾ ബൈബിളിലുണ്ട്. മക്കൾക്കു വേണ്ടി വളരെയധികം സമ്പാദിച്ചു കൂട്ടുന്നതിനേക്കാൾ മാതാപിതാക്കളുടെ ഉത്തമ ജീവിത മാതൃകയാണ് അവർക്കു നൽകാവുന്നു മഹത്തായ പൈതൃകം.

മറ്റൊന്ന് അവരെ ദൈവവചനം പഠിപ്പിക്കണം. ചെറിയ പ്രായത്തിൽ തന്നെ അവരെ ദൈവവചനം പഠിപ്പിക്കണം. 'ഞാൻ നിന്നോട് പാപം ചെയ്യാതിരിക്കേണ്ടതിന് നിന്റെ വചനങ്ങളെ എന്റെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു' (സങ്കീ. 119:11). കുഞ്ഞുങ്ങളുടെ സ്കൂൾ, കോളേജ് പഠന കാര്യങ്ങളിൽ ഇന്നു മാതാപിതാക്കൾ വളരെ ശ്രദ്ധാലുക്കളാണ്. നമ്മിൽ എത്ര പേർ കുട്ടികളോടൊപ്പം ഇരുന്ന് സണ്ടേസ്കൂൾ പാഠങ്ങളും വചനത്തിലെ വസ്തുതകളും അവർക്ക് മനസ്സിലാക്കി കൊടുക്കുന്നു. നമ്മിൽ പലരും അത് സണ്ടേസ്കൂൾ അദ്ധ്യാപകരെ ഏൽപിച്ചു തൃപ്തിയടയുന്നു. എന്നാൽ വളരെ ചുരുക്കം പേർ പല സ്ഥലങ്ങളിലും കുഞ്ഞുങ്ങളുടെ ആത്മീക വിഷയത്തിൽ വളരെ ശ്രദ്ധാലുക്കളാണ്.

''ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നതു എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നെ'' (സങ്കീ. 119:9). മറ്റൊന്ന് കുഞ്ഞുങ്ങളോടൊപ്പം സമയം ചിലവഴിക്കണം. അൽപസമയം അതിനായി നാം മാറ്റിവച്ചേ പറ്റൂ. അവരെ സ്നേഹിക്കുന്നു എന്ന് അവർക്ക് ബോധ്യമാകണം. ഇന്നു കുഞ്ഞുങ്ങൾ വലിയ 'തലവേദനക്കാർ' ആകാൻ പ്രധാന കാരണം മാതാപിതാക്കൾക്കു അവരോടൊപ്പം സമയം ചിലവഴിക്കുവാനോ സ്നേഹം പകർന്ന് കൊടുക്കുവാനോ കഴിയുന്നില്ല എന്നതല്ലേ! നല്ല രക്ഷിതാക്കൾ മക്കളുടെ സുഹൃത്തുക്കളാണ്. സ്നേഹം ഉണ്ടായാൽ മാത്രം പോരാ. അതു പിശുക്കു കാണിക്കാതെ അവരോടു പ്രകടമാക്കണം. ആത്മാർത്ഥമായ പ്രശംസ, അഭിനന്ദനം, സ്നേഹം ഇവ നമ്മിൽ നിന്നുണ്ടാകണം.

കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കാൻ മാതാപിതാക്കൾക്കു കഴിയണം. ഒരിക്കൽ ഒരു കുട്ടി സ്കൂളിൽ നിന്നും കരഞ്ഞുകൊണ്ട് വന്നു അമ്മയോടു പറഞ്ഞു. അമ്മേ ഞാൻ മണ്ടനാണെന്നു കണക്കു ടീച്ചർ പറഞ്ഞു. അമ്മ ആശ്വസിപ്പിച്ചു. അല്ല, മോനേ നീ മിടുക്കനാ. അടുത്ത ദിവസങ്ങളിലും കുട്ടി തുടർച്ചയായി ഈ പതിവു തുടർന്ന് നീ മിടുക്കനാണെന്നു പറഞ്ഞ് അമ്മക്കും ക്ഷമ കെട്ടു. അവർ അൽപം ദേഷ്യത്തിൽ പറഞ്ഞു. നീ മണ്ടനല്ലടാ മണ്ടാ! പക്ഷേ അമ്മയുടെ കൂടി പറഞ്ഞു കഴിഞ്ഞപ്പോൾ അവൻ ഉറച്ചു ഞാൻ മണ്ടനാണ്. നാം കുട്ടികളോടു പറയുന്ന വാക്കുകൾ സൂക്ഷിക്കണം. അവരെ വളർത്തുവാനും തളർത്തുവാനും അതിനു ശക്തിയുണ്ട്. നീ ശരിയാകത്തില്ല, ഗുണം പിടിക്കത്തില്ല, മരമണ്ടനാണ് ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നാൽ അവൻ ശരിയാകാൻ പോകുന്നില്ല. എന്നാൽ പ്രത്യാശയോടും പ്രാർത്ഥനയോടും അവരിലെ കഴിവുകളെ കണ്ടെത്തി നാം അവരെ അഭിനന്ദിക്കുവാൻ പഠിക്കണം. കുഞ്ഞുങ്ങളിൽ നാം സൃഷ്ടിച്ചെടുക്കുന്ന ആത്മവിശ്വാസം, മൂല്യബോധം, സദാചാര മൂല്യങ്ങൾ, ധാർമ്മിക ബോധം ഇതൊക്കെ അവരെ അതിരുകളില്ലാത്ത വിജയത്തിലേക്കു നയിക്കും. വിദ്യാഭ്യാസം മാത്രം നേടിയ ബുദ്ധിജീവികളെയല്ല നമുക്കാവശ്യം. അതോടൊപ്പം സ്വഭാവ ഗുണവും ഉള്ളവരെയാണ്. നമ്മുടെ മുൻരാഷ്ട്രപതിയായ ഡോ. രാധാകൃഷ്ണൻ ഇപ്രകാരം പറയുകയുണ്ടായി ''സ്വഭാവ ഗുണമാണ് വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യം''. മൂല്യമില്ലാത്ത വിദ്യാഭ്യാസം ശൂന്യമാണ്.

ഇങ്ങനെ ഉള്ള കാലഘട്ടത്തിൽ നമുക്കു ചെയ്യുവാൻ കഴിയുന്നത് മക്കൾക്കു വേണ്ടി പ്രാർത്ഥിക്കുക (ലൂക്കോ. 23:8). ഒരു മഹാൻ ഇപ്രകാരം പറഞ്ഞു, 'Son of many tears cannot be lost' പ്രാർത്ഥിച്ചു, കരയുന്ന ഹന്നക്കേ ഒരു ശമുവേൽ ബാലൻ ജനിക്കയുള്ളൂ. ഇന്നു നമ്മുടെ തലമുറകൾക്കു വേണ്ടി നാം മുട്ടുകുത്തിയാൽ ഭാവിയിൽ അവർ നമ്മെ മുട്ടുകുത്തിക്കുകയില്ല.

പ്രിയ മാതാക്കളെ! നിങ്ങൾ ബലഹീന പാത്രങ്ങൾ എങ്കിലും നിങ്ങളുടെ പ്രാർത്ഥനക്കു വലിയ ശക്തി ഉണ്ട്. രാജ്യങ്ങളെ കീഴ്മേൽ മറിക്കുവാൻ, രാജാക്കന്മാരുടെ വസ്ത്രം കീറിക്കുവാൻ, ചില സേനാപതിമാരുടെ കുഷ്ഠം മാറ്റുവാൻ ശക്തിയുണ്ട്. നമ്മുടെ കുടുംബങ്ങളിൽ പ്രായോഗികതയുടെയും, നന്മയുടേയും ഉപദേശങ്ങളുമായി ശക്തമായ ഒരു സഭക്കും, സമൂഹത്തിനും, രാഷ്ട്രത്തിനും വേണ്ടി മാതൃകയുള്ള കുടുംബങ്ങൾ പണിയുന്ന അമ്മമാരായി, മാതാപിതാക്കളായി നമുക്കുയരാം. അതിനായി ദൈവകരങ്ങളിൽ നമ്മെ ഏൽപിച്ചു കൊടുക്കാം. കർത്താവു ധാരാളം കൃപ നൽകുമാറാകട്ടെ ആമേൻ.

●

# വിമർശനത്തിന്റെ മുമ്പിൽ തളരരുത്


Pastor Joppachan

ജീവിതത്തിലെ ഏത് സാഹചര്യങ്ങളും പരീക്ഷണഘട്ടങ്ങളും ധീരതയോടും ആത്മവിശ്വാസത്തോടും കൂടി നേരിടുക. അപ്പോൾ മാത്രമെ മറ്റുള്ളവരുടെ വിമർശനം വക വയ്ക്കാതെ പ്രയത്നിക്കുവാനും വിജയം കൈവരിക്കുവാനും സാധിക്കുകയുള്ളൂ.

നാം പുതിയൊരു കാര്യം ചെയ്യുമ്പോൾ ചിലപ്പോൾ തെറ്റുപറ്റിയെന്നു വരാം. അവ വിമർശിക്കപ്പെടുമ്പോഴാണ് നമുക്ക് തിരുത്തുവാൻ സാധിക്കുന്നത്. ജീവിതത്തിൽ വിജയിച്ചവരെല്ലാം തന്നെ തങ്ങളുടെ ജീവിതത്തിലുണ്ടായിട്ടുള്ള പ്രതിസന്ധികളെ അവസരങ്ങളായി മാറ്റിയവരാണ്. ദൈവനാമത്തിനായി സമർപ്പണത്തോടെ നല്ല കാര്യങ്ങൾ ചെയ്യുമ്പോൾ എതിരായി ഉയരുന്ന വിമർശനങ്ങളുടെ മുമ്പിൽ തളർന്നു പോകരുത്.

ബെഥാന്യയിലെ മറിയ കർത്താവിനായി ചെയ്ത വിലപ്പെട്ട ശുശ്രൂഷകളെ വിമർശിക്കുന്നതിന്റെയും തളർത്തുന്നതിന്റെയും വാക്കുകൾ ആയിരുന്നു യൂദാ ഇസ്കര്യോത്താവിന്റെ വാക്കുകൾ. എന്നാൽ വിമർശനത്തിന്റെ മുമ്പിൽ തളരാതെ മറുപടി പറയാതെ തന്റെ പ്രവർത്തിയിലൂടെ വിമർശനത്തിന്റെ മുനയൊടിക്കുന്നതായിരുന്നു മറിയയുടെ ശുശ്രൂഷ. മറിയ മൗനമായിരുന്നപ്പോൾ അവൾക്കുവേണ്ടി കർത്താവ് സംസാരിച്ചു. അവൾ തന്നാൽ ആവത് ചെയ്തു എന്നാണ് കർത്താവ് പറഞ്ഞത്. നാം വിമർശനങ്ങളുടെ മുമ്പിൽ തളരാതെ മൗനമായിരിക്കേണ്ട സ്ഥലങ്ങളിൽ മൗനമായിരുന്നുകൊണ്ട് കർത്താവിനുവേണ്ടി നല്ല പ്രവത്തി ചെയ്യുമ്പോൾ ദൈവം നമുക്കുവേണ്ടി സംസാരിക്കും.

മറിയ ചെയ്ത നല്ല പ്രവൃത്തിയിലൂടെ ആ ഭവനത്തിൽ നാല് കാര്യങ്ങൾ സംഭവിച്ചു (യോഹ. 12:1-8, മർക്കോ. 14:3-9).

**1. തൈലത്തിന്റെ സൗരഭ്യം യേശുവിൽ നിറഞ്ഞു**

മറിയ തൈലം ഒരു റാത്തൽ എടുത്തു യേശുവിന്റെ കാലിൽ പൂശി. മറിയ ആഗ്രഹിച്ചത് തന്നെക്കാൾ സൗരഭ്യമുള്ള ആളാകണം യേശു എന്നാണ്. എന്നാൽ യൂദാ യേശുവിനെ തന്നെക്കാൾ സൗരഭ്യമുള്ളവനായി കാണുവാൻ ആഗ്രഹിച്ചില്ല. നമ്മുടെ സമർപ്പണത്തിലൂടെ ശുശ്രൂഷയിലൂടെ ജീവിതത്തിലൂടെ യേശുവിനെ നല്ലവനായി സമൂഹത്തിനു മുമ്പിൽ കാണിക്കണം.

**2. വീടു മുഴുവൻ സൗരഭ്യം നിറഞ്ഞു**

മറിയയുടെ സമർപ്പണത്താൽ ആ ഭവനം മുഴുവനും സ്വാധീനിക്കപ്പെട്ടു. പൗലോസ് പറയുന്നത് "ക്രിസ്തുവിൽ ഞങ്ങളെ എപ്പോഴും ജയോത്സവമായി നടത്തുകയും എല്ലാടത്തും ഞങ്ങളെക്കൊണ്ടു തന്റെ പരിജ്ഞാനത്തിന്റെ വാസന വെളിപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്നു സ്തോത്രം. രക്ഷിക്കപ്പെടുന്ന വരുടെ ഇടയിലും നശിക്കുന്നവരുടെ ഇടയിലും ഞങ്ങൾ ദൈവത്തിന്നു ക്രിസ്തുവിന്റെ സൗരഭ്യവാസന ആകുന്നു" (2 കൊരി. 2:14-15).

യേശുവിനായ് നന്മ ചെയ്യുമ്പോൾ നാം മറ്റുള്ളവരെ കൂടെ സ്വാധീനിക്കുകയും നമ്മുടെ ജീവിതത്തിലൂടെയും ശുശ്രൂഷയിലൂടെയും മറ്റുള്ളവർക്ക് നാം ക്രിസ്തുവിന്റെ സൗരഭ്യവാസനയായി തീരുവാൻ കർത്താവ് നമ്മെ സഹായിക്കട്ടെ.

**3. യേശു അവളെ പ്രശംസിച്ചു**

യൂദാ അവളെ ശകാരിച്ചപ്പോൾ യേശു അവളിലെ നല്ല പ്രവൃത്തിയെ പുകഴ്ത്തി. നാം എത്ര നല്ല കാര്യങ്ങൾ ചെയ്താലും മറ്റുള്ളവർ നമ്മെ വിമർശിക്കും. എന്നാൽ സമർപ്പണത്തിന്റെ ആഴം കാണുന്ന യേശു നമ്മെ പ്രശംസിക്കും. വിമർശിക്കുന്നവർ ഒരിക്കലും മറ്റുള്ളവരെ ക്രിസ്തുവിനായി നേടുകയോ ചെയ്തിട്ടില്ല. മനുഷ്യന്റെ വിമർശനമല്ല ക്രിസ്തുവിന്റെ വാക്കുകളാണ് നമുക്ക് പ്രധാനം. ആകയാൽ വിമർശനത്തിന്റെ മുമ്പിൽ തളരരുത്.

**4. സുവിശേഷം പ്രസംഗിക്കുന്ന ഇടത്തെല്ലാം മറിയ ചെയ്തത് പ്രഘോഷിക്കപ്പെടും**

ജനങ്ങളെ രക്ഷിക്കുന്നത് സാമൂഹിക പ്രവർത്തനം അല്ല. എന്നാൽ സാമൂഹിക - ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സുവിശേഷം ക്രിസ്തു ഉയർത്തപ്പെടുവാൻ ഇടയായിക്കാണാം. ലോകത്തിനു വെളിച്ചം കൊടുത്തുകൊണ്ട് മറ്റുള്ളവർക്ക് അടയാളമായി ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുവാനാണ് ദൈവം നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്. സമൂഹത്തെ സ്വാധീനിക്കുന്ന ശക്തിയായി നാം മാറ്റപ്പെടുവാൻ നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാം.

ലോകത്തിന്റെ ഏത് ഭാഗത്തും ഏത് സാഹചര്യത്തിലും ഏത് പദവിയിലും ദൈവീക ഉപകരണമായി പ്രശോഭിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.... ●

## അവൻ ആർക്കും കടക്കാരനല്ല ..... തുടർച്ച

ക്കുള്ള' കുടിയേറ്റം (അതെന്തുകൊണ്ട് കാശ്മീരോ, ഹിമാചൽ പ്രദേശ് പോലെയുള്ള സ്ഥലങ്ങൾ ആയിക്കൂടാ എന്ന ചോദ്യത്തിന് ഉത്തരമില്ല). അത്യാധുനിക വണ്ടികൾ, വീടുകൾ എന്നിവയൊക്കെ ദൈവം നമ്മുടെ പിതാക്കന്മാരോട് കടം വീട്ടിയതായുള്ള പ്രസംഗവും പാട്ടും പ്രബോധനവും വേദാനുസരണം അല്ല. നമ്മുടെ ഭാരതത്തിലെ തന്നെ ധനാഢ്യരുടെ പട്ടികയിൽ ഈ പറയപ്പെടുന്ന ദൈവമക്കൾ ആരെങ്കിലുമുണ്ടോ? പോകട്ടെ, കേരളത്തിൽ നിന്ന് ആരെങ്കിലും? വേണ്ട, പത്തനംതിട്ട ജില്ലയിൽ നിന്നോ, കോട്ടയം, കൊട്ടാരക്കര പോലുള്ള പട്ടണങ്ങളിൽ നിന്നോ ലോകധനവാന്മാരുടെ പട്ടികയിൽ ആരെങ്കിലുമുണ്ടോ? (കേരളത്തിൽ ഏറ്റവും കൂടുതൽ പെന്തെക്കോസ്തുകാരും, പാസ്റ്റർമാരും ഒക്കെയുള്ള ചില സ്ഥലങ്ങളാണ് മേൽക്കുറിച്ചത്) വിസ്താരഭയത്താൽ ഇവിടെ നിറുത്തട്ടെ!

ഇനി 'ദൈവം ആർക്കും കടക്കാരൻ' അല്ല എന്നതിന്റെ യഥാർത്ഥ അർത്ഥം നോക്കാം.

പുതിയ നിയമത്തിന്റെ മൂലഭാഷയായ യവനായ (ഗ്രീക്ക്), ഭാഷയിൽ കടക്കാരൻ എന്നതിന് 'ഒഫെയ്ലെറ്റീസ് ' എന്നാണ്. ഒഫെയ്ലോ എന്ന ക്രിയാപദത്തിന് ബാദ്ധ്യത/കടപ്പെട്ടിരിക്കുക ഒക്കെയാണ് അർത്ഥം (മത്താ. 18:28; ലൂക്കോ. 7:41; 16:5; റോമ. 13:8) കർമ്മിണി പ്രയോഗമാണ് പൊതുവേ ഉള്ളത്. മൂന്ന് രീതിയിലാണ് ഈ ബാദ്ധ്യത : (1) ഒരുവനിൽ നിന്നും എന്തെങ്കിലും മുൻകൂറായി കൈപറ്റിയത് തിരികെ നൽകുവാനുള്ള കടം, (2) ഒരാൾക്ക് നൽകുവാൻ മറ്റൊരാൾ ഏൽപിച്ചാൽ - തന്നവനോടും കൊടുക്കുവാനുള്ളവനോടും ഉണ്ടാകുന്ന ബാദ്ധ്യത. ഈ ഇരുവിധത്തിലും മനുഷ്യരൊക്കെ പലരോടും പലതിലും കടംപെട്ടിരിക്കുന്നു. (3) ഒരുവന്റെ ആപൽഘട്ടത്തിലോ, സങ്കടത്തിലോ, ആവശ്യങ്ങളിലോ, ഉപകാരമോ ഉപചാരമോ ചെയ്താലുള്ള ബാദ്ധ്യത.

സഹൃദയരെ, ഇതിലേതെങ്കിലും വിധത്തിൽ ദൈവത്തിന് ആരോടെങ്കിലും കടപ്പാടുണ്ടോ? സ്രഷ്ടാവിന് ഏതെങ്കിലും സൃഷ്ടിക്ക് പ്രത്യുപകാരം ചെയ്യേണ്ടതുണ്ടോ? ദൈവം നമ്മുടെ കയ്യിൽ നിന്ന് വല്ലതും കൈപ്പറ്റിയിട്ടുണ്ടോ? ദൈവത്തിന്റെ എന്തെങ്കിലും ആവശ്യനേരത്ത് നമ്മൾ വല്ലതും കൊടുത്ത് 'പാവം' ദൈവത്തെ സഹായിച്ചുവോ?

വിശുദ്ധവേദം എന്തു പറയുന്നു? സർവ്വവല്ലഭനായ ദൈവം ഇയ്യോബിനോട് ചോദിച്ച 86-ൽ പരം ചോദ്യങ്ങളിൽ 82 ഉം, 83 ഉം ചോദ്യങ്ങൾ, "ഞാൻ മടക്കിക്കൊടുക്കേണ്ടതിന് എനിക്ക് മുമ്പുകൂട്ടി തന്നതാർ? ആകാശത്തിൻ കീഴെയുള്ളത് ഒക്കെയും എന്റേതല്ലയോ? (ഇയ്യോ. 41:11). വിശ്വതാത്വികതയുടെ തലസ്ഥാന നഗരിയിൽ നിന്നുകൊണ്ട് വിശ്വവിഖ്യാത താർക്കികനായ ശ്രേഷ്ഠശ്ലീഹൻ പൗലോസ് വിശ്വദാർശനികരോട് വിളിച്ചു പറഞ്ഞു "..... താൻ (ദൈവം) എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ ആകയാൽ വല്ലതിനും മുട്ടുള്ളവൻ എന്നപോലെ മാനുഷ കൈകളാൽ ശുശ്രൂഷ ആവശ്യപ്പെടുന്നില്ല" (അ.പ്ര. 17:25).

മഹാദൈവത്തിന്റെ മഹത്വദർശനത്തിനു മുമ്പിൽ മിഴിച്ചു നിൽക്കുന്ന അപ്പോസ്തലവര്യൻ ഉച്ചൈസ്തരം വെല്ലുവിളിച്ച് ചോദിക്കുന്നു, "..... അവന്ന് വല്ലതു മുമ്പെ കൊടുത്തിട്ട് പ്രതിഫലം വാങ്ങുന്നവൻ ആർ? സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും ആകുന്നുവല്ലോ; അവന്നു എന്നേക്ക് മഹത്വം ആമേൻ." (റോമർ 11:35-36, യോഹ. 1:3, കൊലോ. 1:15,16). ആസാഫെന്ന യിസ്രായേല്യ സങ്കീർത്തനക്കാരനിലൂടെ ദൈവം പറയുന്നത് ശ്രദ്ധിക്കൂ : "നിന്റെ വീട്ടിൽ നിന്ന് കാളയെയോ, ..... കോലാട്ടുകൊറ്റന്മാരെയോ ഞാൻ എടുക്കയില്ല; കാട്ടിലെ സകല മൃഗവും..... എനിക്കുള്ളവയാകുന്നു..... എനിക്കുള്ളവ തന്നെ. എനിക്ക് വിശന്നാൽ ഞാൻ നിന്നോടു പറകയില്ല. ഭൂലോകവും അതിന്റെ നിറവും എന്റേതത്രേ.... (സങ്കീ. 50:9-13).

വേദപുസ്തകം വെളിപ്പെടുത്തുന്ന ദൈവം യാതൊന്നിന്റെയും യാതൊരുത്തന്റെയും ആവശ്യങ്ങൾ ഇല്ലാത്ത ദൈവം ആണ്. നമ്മുടെ ആരാധനയുടെയും നമ്മുടെയും നമ്മുടെ പോലും! നാമോ, നമ്മുടേതോ (ആരാധനപോലും) ഇല്ലാതെ തന്നെ ദൈവം സ്വയം പര്യാപ്തനും, തന്നിൽത്തന്നെ സംപൂർണ്ണനും ആകുന്നു. നാം ആരാധിക്കുന്നതുകൊണ്ടല്ല ദൈവം ദൈവമായിരിക്കുന്നത്. പ്രത്യുത അവിടുന്ന് ദൈവം ആയതുകൊണ്ട് നാം തിരിച്ചറിഞ്ഞ് അവിടുത്തെ ആരാധിക്കുകയാണ്.

ഈ സ്വയം സ്ഥിതനും (സ്വയംഭൂ അല്ല), സ്വയം പര്യാപ്തനും, സ്വ-സമ്പൂർണ്ണനും, സകലത്തിനും ലാക്കും കാരണഭൂതനുമായി (എബ്രാ. 2:10) ദൈവം ആർക്ക്, എന്തിന് കടപ്പെട്ടിരിക്കുന്നു? വികാരത്തള്ളലിൽ ആരും ദൈവത്തെ ചെറുതാക്കല്ലേ! നമ്മുടെ പിതാക്കന്മാർ കൊടുത്ത കോഴിമുട്ടയുടെയും പിടിയരിയുടെയും ഒക്കെ പ്രതിഫലമാണ് ഇപ്പോഴത്തെ സമൃദ്ധി എന്ന് കരുതരുത്. അങ്ങനെയായാൽ ഇതൊക്കെ നമുക്ക് അർഹതപ്പെട്ടതെന്ന് വരും, നമ്മുടെ അവകാശം എന്നു പറയേണം. അല്ലേ അല്ല! എല്ലാ അവിടുത്തെ കൃപാ ദാനം മാത്രമേ! പ്രിയരെ നമുക്കു ഹൃദയംഗമായി ഏറ്റു പറയാം, ബൈബിളിലെ ദൈവം ആർക്കും കടക്കാരൻ അല്ല; ആരോടും ഒന്നും ചെയ്തു കൊടുക്കുവാൻ ദൈവത്തിന് ഒരു ബാദ്ധ്യതയുമില്ല എന്ന്. ദൈവം കനിവോടെ നമുക്ക് എല്ലാം സമൃദ്ധമായി തന്നു; തരുന്നു. മേലിലും തരും! എന്നാൽ ഇതൊന്നും കടം വീട്ടലാണെന്ന് തെറ്റിദ്ധരിക്കരുത്. അവിടുത്തെ ഔദാര്യം മാത്രം! ദൈവത്തിന്റെ മഹിമയാണ് അവൻ ആർക്കും ഒന്നും കടംപെട്ടിരിക്കുന്നില്ല എന്നത്. ഒരു സൃഷ്ടിയോടും ഒന്നിനും കണക്കുകൊടുക്കേണ്ടാത്ത സ്വയം പര്യാപ്തനായ ദൈവത്തെ സേവിക്കുന്ന നാം എത്ര ധന്യർ!! അഥവാ തിരുനാമത്തിനായി വല്ലതും നാം ചിലവിട്ടാലും ദാവീദിന്റെ തിരിച്ചറിവു നമുക്കും വേണം. ".... സകലവും നിങ്കൽ നിന്നല്ലോ വരുന്നത്. നിന്റെ കയ്യിൽനിന്ന് വാങ്ങി ഞങ്ങൾ നിനക്ക് തന്നതേയുള്ളൂ... (1 ദിന. 29:14,15).

തിരിച്ചറിയുക, മനുഷ്യനെ ഉൾപ്പെടെ ഒരു സൃഷ്ടിയും നടത്തേണ്ട കടപ്പാട് ദൈവത്തിനില്ലായിരുന്നു; ആവശ്യവും! അതിലുപരി, പാപത്തിലാണ്ടുപോയ മനുകുലത്തെ വീണ്ടെടുക്കുവാനും, അതിനായി പുത്രനെ ക്രൂശിൽ പ്രായശ്ചിത്തയാഗമാക്കുവാനും പോലും ദൈവത്തിന് ബാദ്ധ്യതയില്ലായിരുന്നു. എന്നിട്ടും മഹാകൃപാലുവായ ദൈവം നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം ഏകജാതനായ യേശുവിനെ നമുക്കായി അയച്ചു. നമ്മെ വീണ്ടെടുത്തു, തന്നോടൊപ്പം ക്രിസ്താനുരൂപരായി ഇരുത്തുവാൻ അവിടുത്തേക്ക് പ്രസാദം ആയി. ഈ തിരിച്ചറിവ് ദൈവത്തെ സ്നേഹിപ്പാനും ആരാധിപ്പാനും നമ്മെ പ്രാപ്തരാക്കും. നാം പ്രതിഫലേച്ഛ കൂടാതെ തിരുമഹത്വവും നിസ്തുലതയും തിരിച്ചറിഞ്ഞ് നമ്മെയും നമുക്കുള്ളതും പൂർണ്ണമായി തിരുപാദേ അർപ്പിച്ച് തേജസ്കരിക്കപ്പെട്ട ക്രിസ്തുവിനോട് ഏകീഭവിക്കാനുള്ള പ്രത്യാശയോടെ ജയജീവിതം നയിക്കാം! മാറാ നാഥാ!! ●

**Do you have any questions about God, Bible or Faith?**

Don't be afraid to ask. We are here to help you understand. Send us your questions. One question will be answered in every issue. Let's grow together in truth and faith.

**Keep asking,**
**Keep learning**
**Keep growing!**

# SADHWARTHA

For Private Circulation only.

P.O. Box No. 7213, Chembur, Mumbai 400071. Tel: 25251834
email : sadhwartha@gmail.com


## सावनेर सिटी चर्च उद्घाटन



परमेश्वर पिता का धन्यवाद हो कि सावनेर सिटी चर्च ऑफ गॉड कलीसिया के लिए १८०० स्क्वेयर जमीन का प्रबंध  नवंबर २०२४ में किया जिसकी नींव का पत्थर माननीय ओवरसियर पास्टर ई पी सामकुट्टी जी के के हाथों से रखा गया। २२ जनवरी से कलीसिया के निर्माण कार्य की शुरुआत की गई। ९/४/२५ को फाउंडेशन की स्लैप हुई और इस रीति से कार्य जारी रहा और १९/६/ २५ को छत की स्लैप हुई इस बीच में कई उतार-चढ़ाव काफी ज़रूरतें,शारीरिक तकलीफ आई मेरी एक आंख से दिखना बंद हो गया, दोनों किडनी में स्टोन बताया गया, एक बार इलेक्ट्रिक शॉक लगा और कई समस्याओं का सामना करना पड़ा पर परमेश्वर की विश्वास योग्यता को हमने इस कार्य के मध्य में देखा । मात्र ११ महीनों में परमेश्वर ने इस कार्य को पूरा करने में सहायता किया और परमेश्वर की दया से दिसंबर १९ को माननीय इवेंजलिस्म डायरेक्टर पास्टर महावीर प्रसाद जी के हाथों से चर्च बिल्डिंग का उद्घाटन किया गया। सारे सहयोग किए हुए सेवकों, कलीसियाओ और व्यक्तियो को प्रभु आशीष करें।






**Being a Christian is more than just an instantaneous conversion - it is a daily process whereby you grow to be more and more like Christ**

***- Charles Spurgeon***



ക്രിസ്ത്യാനിയായിരിക്കുക എന്നത് ഒരു തൽക്ഷണ മാനസാന്തരം മാത്രമല്ല
അത് അനുദിനം ക്രിസ്തുവിനെപ്പോലെയായിത്തീരാനുള്ള
ഒരു പ്രക്രിയയാണ്.

– ചാൾസ് സ്പർജൻ

## FEAR NOT



**Pastor Liju George**

***2 Timothy 1:7 For God hath not given us the spirit of fear; but of power, and of love, and of a sound mind.***

Today's generation where news channels, social media and others blare with words of insecurities and also when we see the things going on around us and in the world, immediately we remember what Jesus said in Matthew 24:6 And ye shall hear of wars and rumors of wars: see that ye be not troubled: for all these things must come to pass, but the end is not yet. 24:7 For nation shall rise against nation, and kingdom against kingdom: and there shall be famines, and pestilence, and earthquakes, in divers places. 24:8 All these are the beginning of sorrows. 24:9 Then shall they deliver you up to be afflicted, and shall kill you: and ye shall be hated of all nations for my name's sake.

And though it is a fact that we hear about wars and famines and persecution's Paul speaks in 2 Timothy 1:7 about one thing that the Lord has not given us. As a young man or woman the anxiety that you feel and the fear of future is natural but we need to understand that the truth is this Fear is a spirit, it's an atmosphere created or a mindset that God did not design for you and you don't have to own a spirit that was not designed for you.

Now since we know about what the Lord has not given us, let us learn what the Lord has given unto us.Paul speaks about three things 1. Power 2. Love 3. Sound MindPower - The Greek word used for power is Dunamis it is where we get the word Dynamite from.

As Paul says in Ephesians 6:12 For we wrestle not against flesh and blood, but against principalities, against powers, against the rulers of the darkness of this world, against spiritual wickedness in high places. Our warfare is spiritual, it's not about physical strength or will power or motivation, we need strength to overcome the dark forces which can be done only by surrendering to Christ as written in James 4:7 Submit yourselves therefore to God. Resist the devil, and he will flee from you.

Where does this power, Love and Sound Mind comes from Jesus told his disciples in Acts 1:8 But ye shall receive power, after that the Holy Ghost is come upon you: and ye shall be witnesses unto me both in Jerusalem, and in all Judaea, and in Samaria, and unto the uttermost part of the earth.

Romans 5:5 And hope maketh not ashamed; because the love of God is shed abroad in our hearts by the Holy Ghost which is given unto us.

John 16:13 Howbeit when he, the Spirit of truth, is come, he will guide you into all truth: for he shall not speak of himself; but whatsoever he shall hear, that shall he speak: and he will shew you things to come.

Here in this scriptures we see that the source of Power, Love and a Sound mind is the Holy Spirit, which the Lord says it is given to all those who believe in Jesus Christ and ask for it. So here we see what God has given us not a spirit of Fear, but the Holy Spirit the source of Power, Love and a Sound mind.

Though the children of the world are worried about the perilous times that are coming in the last days, the children of God have a promise that in the last days I will pour out of my Spirit upon all flesh.

In this context, the "Spirit of Power" is seen as a divine gift that provides: Boldness: The courage to speak or act despite opposition.

Endurance: The strength to persevere through suffering.

Authority: Spiritual influence over one's and others circumstances or internal struggles.

The "love" referred to in this context is almost always the Greek word agape. agape is: Volitional: It is a choice of the will, not just a feeling.

**Unconditional:** It seeks the highest good of another person, regardless of whether they deserve it or how they respond.

**Sacrificial:** It is modeled after Christ's willingness to give His life for others. A sound mind is an active way of processing reality based on truth rather than emotion.

**Self-Governance:** The ability to control your impulses, reactions, and thoughts. It is the opposite of being "carried away" by a mood or a trend.

**Clarity Under Pressure:** While a spirit of fear causes panic, a sound mind remains calm and logical because it is anchored in God's promises.

**Right Priorities:** It focuses on what is eternal and true rather than the immediate "cares of this life."The "Renewed" Mind: As described in Romans 12:2, it is a mind that is constantly being "re-programmed" by Scripture to see the world from God's perspective.

The "Sound Mind" is the governor of the engine. It directs the Power and ensures the Love is applied wisely. Together, they don't just "mask" fear; they replace it with a different spiritual nature entirely.

So let us be aware about What the Lord has given us not, and what he has given us and equipped us with. God bless you.

●


Printed & Published by : CHURCH OF GOD IN INDIA, Central West Region, Mumbai. Cheif Editor : Pastor Manu K. Chacko - 8208907893
Email : sadhwartha@gmail.com, Typesetting : Anons Graphix - 9820467408 & Printing : R.R. Art Printers. Tel.: 2770 4725  Mobile : 9820 548 243